# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഡിസംബർ 6

# വാർത്താക്കുറിപ്പ്

## യു.ജി.സി. സ്പെയ്ഡ് പദ്ധതിയിൽ എം.ജി.; ഒരു കോടിയുടെ ഗവേഷണ സഹായം

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനവികവിഷയങ്ങളിലെ ഗവേഷണവും കണ്ടുപിടുത്തങ്ങളും ശക്തിപ്പെടുത്തുന്നതിനായി യു.ജി.സി. നടപ്പാക്കിയ സ്കീം ഫോർ ട്രാൻസ് ഡിസിപ്ലിനറി റിസർച്ച് ഫോർ ഇന്ത്യാസ് ഡെവലപിങ് ഇക്കണോമി (സ്പെയ്ഡ്) പദ്ധതിയിലേക്ക് മഹാത്മാഗാന്ധി സർവകലാശാല തെരഞ്ഞെടുക്കപ്പെട്ടതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. രാജ്യത്തെ 16 സർവകലാശാലകളാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. കേരളത്തിൽനിന്ന് കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയും തെരഞ്ഞെടുക്കപ്പെട്ടു. സർവകലാശാലകൾ സമർപ്പിക്കുന്ന ഗവേഷണ പദ്ധതികളുടെ മികവും അക്കാദമിക പ്രവർത്തനങ്ങളുടെ പ്രാധാന്യവും വിലയിരുത്തിയാണ് സർവകലാശാലകളെ തെരഞ്ഞെടുക്കുന്നത്. മൂന്നുവർഷത്തെ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വരെ ലഭിക്കും.

സർവകലാശാല പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അധ്യാപകരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുവേണ്ടി എം.ജി. സമർപ്പിച്ച പദ്ധതിയാണ് യു.ജി.സി. അംഗീകരിച്ചത്. നൂതന അധ്യാപന രീതികൾ പരിചയപ്പെടുത്തുക, പാഠ്യപദ്ധതി - പ്രോജക്ട് പ്രൊപ്പോസലുകൾ തയാറാക്കലിൽ വൈദഗ്ധ്യം സൃഷ്ടിക്കുക, അക്കാദമിക എഴുത്തുരീതികളിൽ വൈദഗ്ധ്യം നൽകുക, അധ്യാപനത്തിൽ നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം പരിചയപ്പെടുത്തുക എന്നിവയടക്കം അധ്യാപകരുടെ കാര്യക്ഷമത വർധിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി സെമിനാറുകൾ, ശില്പശാലകൾ, സമ്മേളനങ്ങൾ, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കും. വിദേശ സർവകലാശാലകളുമായി സഹകരിച്ച് അധ്യാപക കൈമാറ്റ പരിപാടിയും ലോകത്തിലെ പ്രശസ്ത ശാസ്ത്രജ്ഞരായ അധ്യാപകരുടെ പ്രഭാഷണ പരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുമെന്ന് പദ്ധതിയുടെ കോ-ഓർഡിനേറ്ററായ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിലെ അധ്യാപകൻ ഡോ. അഭിലാഷ് ബാബു പറഞ്ഞു.

(പി.ആർ.ഒ/39/2137/2019)

## ഇൻഫർമേഷൻ ബുക്കിലേക്ക് വിവരങ്ങൾ നൽകണം

മഹാത്മാഗാന്ധി സർവകലാശാല ഇൻഫർമേഷൻ ബുക്കിലേക്ക് വിവരങ്ങൾ നൽകാത്ത കോളേജുകൾ ഡിസംബർ ഒൻപതിന് ഉച്ചകഴിഞ്ഞ് രണ്ടിനകം വിവരങ്ങൾ mguhandbook2020@gmail.com എന്ന ഇമെയിൽ വിലാസത്തിൽ നൽകണം. ഇതിനുശേഷം ലഭിക്കുന്നവ ഉൾപ്പെടുത്തുന്നതല്ല.

(പി.ആർ.ഒ/39/2138/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.സി.എ. ഒക്ടോബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ ഒൻപതുമുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2139/2019)

## വൈവാവോസി

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസ് സ്റ്റാസിലെയും ആറാം സെമസ്റ്റർ എം.സി.എ. നവംബർ 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും കോഴ്സ് വൈവയും ഡിസംബർ 11 മുതൽ വിവിധ

(പി.ആർ.ഒ/39/2140/2019)

## പരീക്ഷാഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (സി.എസ്.എസ്.) റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2141/2019)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. മലയാളം പ്രൈവറ്റ് രജിസ്ട്രേഷൻ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2142/2019)

## ചീഫ് മിനിസ്റ്റേഴ്സ് സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവ്; ഓൺലൈൻ രജിസ്ട്രേഷൻ ദീർഘിപ്പിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ചീഫ് മിനിസ്റ്റേഴ്സ് സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ ഏഴുവരെ ദീർഘിപ്പിച്ചു. കോൺക്ലേവിൽ പങ്കെടുക്കുന്ന സർവകലാശാലയിലെ യൂണിയൻ പ്രതിനിധികളും സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ കോളേജ് യൂണിയൻ ചെയർമാൻ, ജനറൽ സെക്രട്ടറിമാർ എന്നിവരും ഡിസംബർ ഏഴിന് വൈകീട്ട് അഞ്ചിന് മുമ്പായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം. വിശദവിവരം www.collegiateedu.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2143/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 6

# വാർത്താക്കുറിപ്പ്

## യു.ജി.സി. സ്‌പൈഡ് പദ്ധതിയിൽ എം.ജി.; ഒരു കോടിയുടെ ഗവേഷണ സഹായം

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനവികവിഷയങ്ങളിലെ ഗവേഷണവും കണ്ടുപിടുത്തങ്ങളും ശക്തിപ്പെടുത്തുന്നതിനായി യു.ജി.സി. നടപ്പാക്കിയ സ്‌കീം ഫോർ ട്രാൻസ് ഡിസിപ്ലിനറി റിസർച്ച് ഫോർ ഇന്ത്യാസ് ഡെവലപിങ് ഇക്കണോമി (സ്‌പൈഡ്) പദ്ധതിയിലേക്ക് മഹാത്മാഗാന്ധി സർവകലാശാല തെരഞ്ഞെടുക്കപ്പെട്ടതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. രാജ്യത്തെ 16 സർവകലാശാലകളാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. കേരളത്തിൽനിന്ന് കാലടി ശ്രീശങ്കരാചാര്യ സംസ്‌കൃത സർവകലാശാലയും തെരഞ്ഞെടുക്കപ്പെട്ടു. സർവകലാശാലകൾ സമർപ്പിക്കുന്ന ഗവേഷണ പദ്ധതികളുടെ മികവും അക്കാദമിക പ്രവർത്തനങ്ങളുടെ പ്രാധാന്യവും വിലയിരുത്തിയാണ് സർവകലാശാലകളെ തെരഞ്ഞെടുക്കുന്നത്. മൂന്നുവർഷത്തെ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വരെ ലഭിക്കും.

സർവകലാശാല പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അധ്യാപകരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുവേണ്ടി എം.ജി. സമർപ്പിച്ച പദ്ധതിയാണ് യു.ജി.സി. അംഗീകരിച്ചത്. നൂതന അധ്യാപന രീതികൾ പരിചയപ്പെടുത്തുക, പാഠ്യപദ്ധതി - പ്രോജക്ട് പ്രൊപ്പോസലുകൾ തയാറാക്കലിൽ വൈദഗ്ധ്യം സൃഷ്ടിക്കുക, അക്കാദമിക എഴുത്തുരീതികളിൽ വൈദഗ്ധ്യം നൽകുക, അധ്യാപനത്തിൽ നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗം പരിചയപ്പെടുത്തുക എന്നിവയടക്കം അധ്യാപകരുടെ കാര്യക്ഷമത വർധിപ്പിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി സെമിനാറുകൾ, ശില്പശാലകൾ, സമ്മേളനങ്ങൾ, സിമ്പോസിയങ്ങൾ എന്നിവ സംഘടിപ്പിക്കും. വിദേശ സർവകലാശാലകളുമായി സഹകരിച്ച് അധ്യാപക കൈമാറ്റ പരിപാടിയും ലോകത്തിലെ പ്രശസ്ത ശാസ്ത്രജ്ഞരായ അധ്യാപകരുടെ പ്രഭാഷണ പരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുമെന്ന് പദ്ധതിയുടെ കോ-ഓർഡിനേറ്ററായ സ്‌കൂൾ ഓഫ് സോഷ്യൽ സയൻസസിലെ അധ്യാപകൻ ഡോ. അഭിലാഷ് ബാബു പറഞ്ഞു.

(പി.ആർ.ഒ/39/2137/2019)

## ഇൻഫർമേഷൻ ബുക്കിലേക്ക് വിവരങ്ങൾ നൽകണം

മഹാത്മാഗാന്ധി സർവകലാശാല ഇൻഫർമേഷൻ ബുക്കിലേക്ക് വിവരങ്ങൾ നൽകാത്ത കോളേജുകൾ ഡിസംബർ ഒൻപതിന് ഉച്ചകഴിഞ്ഞ് രണ്ടിനകം വിവരങ്ങൾ mguhandbook2020@gmail.com എന്ന ഇമെയിൽ വിലാസത്തിൽ നൽകണം. ഇതിനുശേഷം ലഭിക്കുന്നവ ഉൾപ്പെടുത്തുന്നതല്ല.

(പി.ആർ.ഒ/39/2138/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.സി.എ. ഒക്ടോബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ ഒൻപതുമുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/2139/2019)

## വൈവാവോസി

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസ് സ്റ്റാസിലെയും ആറാം സെമസ്റ്റർ എം.സി.എ. നവംബർ 2019 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും കോഴ്‌സ് വൈവയും ഡിസംബർ 11 മുതൽ വിവിധ

(പി.ആർ.ഒ/39/2140/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (സി.എസ്.എസ്.) റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2141/2019)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. മലയാളം പ്രൈവറ്റ് രജിസ്ട്രേഷൻ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 17 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2142/2019)

## ചീഫ് മിനിസ്റ്റേഴ്സ് സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവ്; ഓൺലൈൻ രജിസ്ട്രേഷൻ ദീർഘിപ്പിച്ചു

ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ചീഫ് മിനിസ്റ്റേഴ്സ് സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ ഏഴുവരെ ദീർഘിപ്പിച്ചു. കോൺക്ലേവിൽ പങ്കെടുക്കുന്ന സർവകലാശാലയിലെ യൂണിയൻ പ്രതിനിധികളും സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ കോളേജ് യൂണിയൻ ചെയർമാൻ, ജനറൽ സെക്രട്ടറിമാർ എന്നിവരും ഡിസംബർ ഏഴിന് വൈകീട്ട് അഞ്ചിന് മുമ്പായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം. വിശദവിവരം www.collegiateedu.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2143/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ